(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽതുക 1787.45 കോടി രൂപയാണ്. ഓരോ പദ്ധതിയുടേയും അടങ്കൽതുക അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(സി) ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടന്റ്സ് കമ്പനി ലിമിറ്റഡ്, ജപ്പാൻ ലീഡ് പാർട്ട്ണർ ആയിട്ടുള്ള റ്റി. ഇ. സി. കൺസോർഷ്യത്തെയാണ് പദ്ധതിയുടെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുള്ളത്. റ്റി. ഇ. സി. കൺസോർഷ്യം സെപ്തംബർ 1-ാം തീയതി അവരുടെ ജോലികൾ ആരംഭിച്ചു. ഇവരുടെ സെൻട്രൽ ഓഫീസ് തിരുവനന്തപുരത്തും മേഖലാ ഓഫീസുകൾ കൊല്ലം, ചേർത്തല, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു.

(ഡി) പദ്ധതി പൂർത്തിയാകുമ്പോൾ 2006-ൽ 34.88 ലക്ഷം പേർക്കും 2021-ൽ 43.30 ലക്ഷം പേർക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

(ഇ) പ്രസ്തുത പദ്ധതി 2006-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഗാർഹിക ഉപഭോക്താക്കൾക്ക് പൈപ്പ് കണക്ഷൻ നൽകുന്നതിനുള്ള നിയന്ത്രണം

37 [920] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം ഗാർഹിക ഉപഭോക്താക്കൾക്ക് പൈപ്പ് കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും നഗരങ്ങളിലും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും വാട്ടർ കണക്ഷൻ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്നും വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുമേഖലകളിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് നിലവിലുള്ള ഉത്തരവുകൾ എന്തെല്ലാമാണ്; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ;

(സി) വരൾച്ച നേരിടാൻ സംസ്ഥാന ജലവിഭവ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് നഗര, ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജലവിഭവ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഗാർഹിക ഉപഭോക്താക്കൾക്ക് പൈപ്പ് കണക്ഷൻ നൽകുന്നതിൽ പുതുതായി നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. ചില പ്രദേശങ്ങളിൽ ജലക്ഷാമം നേരിടുന്ന കാലങ്ങളിൽ പുതിയ കണക്ഷൻ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്താറുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശമുൾപ്പെടെ കേരളത്തിൽ വാട്ടർ അതോറിറ്റിയുടെ പദ്ധതികളിൽ നിന്നും, ജലലഭ്യതയ്ക്കും കേരള വാട്ടർ സപ്ലൈ റഗുലേഷൻ 1991-ലെ നിയമങ്ങൾക്കും വിധേയമായി വാട്ടർ കണക്ഷനുകൾ നൽകിവരുന്നു.

---

† അനുബന്ധം VIII.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളാ വാട്ടർ സപ്ലൈ റഗുലേഷൻ 1991 ജി. ഒ. (എംഎസ്.) 318/91/എൽ. എ. ഡി. തീയതി 4-12-1991 ആന്റ് ജി. ഒ. (പി.) നമ്പർ 65/98/ഇറി. വകുപ്പ് തീയതി 20-6-1998 പ്രകാരമാണ് വാട്ടർ കണക്ഷൻ നൽകുന്നത്. പ്രസ്തുത ഉത്തരവിന്റെ കോപ്പി പരിശോധനയ്ക്ക് ലഭ്യമാണ്.

(സി) വരൾച്ച നേരിടുന്നതിന് വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലൂടെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയുമുള്ള കുടിവെള്ള പദ്ധതികൾവഴി, ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി കുടിവെള്ളമെത്തിക്കാൻ നടപടികൾ എടുക്കുന്നുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വലുതും ചെറുതുമായ പദ്ധതികൾക്ക് പുറമേ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെറുകിട പദ്ധതികൾ നടപ്പിലാക്കിയും സാങ്കേതികമായ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിച്ചും, വിതരണ ശൃംഖല നീട്ടിയും അഡീഷണൽ പമ്പിംഗ് ഏർപ്പെടുത്തിയും സ്രോതസ്സുകൾ വിപുലീകരിച്ചും, വാൽവുകൾ നിയന്ത്രിച്ച് ജലവിതരണം ക്രമീകരിച്ചും, ജലസ്രോതസ്സുകളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും ഒരു പരിധിവരെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ശ്രമിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് ഇപ്പോൾ സ്വജൽധാരാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ കേരള വികസന പദ്ധതിയുടെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾക്ക് വാട്ടർ അതോറിറ്റി സാങ്കേതിക സഹായം നൽകിവരുന്നു.

കേരളത്തിലെ നദികളിലൂടെയും അരുവികളിലൂടെയും, മഴക്കാലത്ത് ഒഴുകിവരുന്ന ജലം ഒരു പരിധിവരെ തടഞ്ഞ് നിർത്തി വേനൽക്കാലത്ത് കുടിവെള്ളത്തിനും കൃഷിക്കും ഉപയോഗിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ചെക്ക് ഡാം (തടയണ) പദ്ധതികൾ നിലവിലുണ്ട്. ഈ പദ്ധതിയിൻകീഴിൽ 26 തടയണകൾ കേരളത്തിന്റെ വിവിധ ജില്ലകളിലായി പൂർത്തിയാക്കി; 6 പദ്ധതികളുടെ പണി പുരോഗതിയിലാണ്; 36 തടയണകൾക്ക് ഭരണാനുമതിക്കായി സൂക്ഷ്മ പരിശോധന നടത്തിവരുന്നു.

ടാപ്പുകളുടെ വാടക പഞ്ചായത്തുകളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും ഈടാക്കുന്നത് സംബന്ധിച്ച്

38 [921] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടും ടാപ്പുകളുടെ വാടക പഞ്ചായത്തുകളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും ഈടാക്കുന്നത് ശരിയായ നടപടിക്രമമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) അതോറിറ്റിക്ക് കുടിശ്ശിക നൽകാനില്ലാത്ത പഞ്ചായത്തുകളിൽ നിന്നും ഈടാക്കിയ തുക തിരിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ബേപ്പൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകൾക്ക് ഇപ്രകാരം എത്ര തുക തിരിച്ചു നൽകേണ്ടതായുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) തിരിച്ചുനൽകാനുള്ള തുക എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly